**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ഗ്രാമപഞ്ചായത്തുകളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ 195 തസ്തികകൾ സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ.(കൈ) നം.12/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 31.01.2019

---

പരാമർശം:- തദ്ദേശസ്വയം ഭരണ ചീഫ് എഞ്ചിനീയറുടെ 08.03.2017, 05.05.2017, 07.08.2017, 25.09.2017 എന്നീ തീയതികളിലെ ഇ 3/200/2010/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ.

**ഉത്തരവ്**

സംസ്ഥാനത്തെ 941 ഗ്രാമ പഞ്ചായത്തുകളുടെയും പൊതുമരാമത്ത് പ്രവർത്തനങ്ങളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർമാരാണ്. എന്നാൽ മേൽ ഗ്രാമപഞ്ചായത്തുകളിൽ 390 ഗ്രാമപഞ്ചായത്തുകൾക്കായി 195 അസിസ്റ്റന്റ് എഞ്ചിനീയർമാർ മാത്രമാണ് നിലവിലുള്ളത് . 195 ഗ്രാമപഞ്ചായത്തുകകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ഒന്നിലധികം ഗ്രാമപഞ്ചായത്തുകളുടെ ചുമതല നൽകുന്നത് മൂലം പദ്ധതി നിർവ്വഹണത്തിന് വേണ്ടത്ര സമയം ലഭ്യമാകുന്നില്ല. സംസ്ഥാനത്തെ 7000 കോടി രൂപ വരുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളിൽ 45% വരുന്ന പൊതുമരാമത്ത് പ്രവർത്തികൾ ചെയ്യുന്നതിന് ഗ്രാമ പഞ്ചായത്തുകളിലെ നിലവിലെ എഞ്ചിനീയറിംഗ് സംവിധാനം തികച്ചും അപര്യാപ്തമാണ്. എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ഓരോ അസി. എഞ്ചിനീയർമാരുടെ പൂർണ്ണ സമയ സേവനം ലഭ്യമായാൽ മാത്രമേ പ്രവൃത്തികൾ സമയബന്ധിതമായി കാര്യക്ഷമതയോടെ നടപ്പാക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ 195 അസി.എഞ്ചിനീയർമാരുടെയും ആനുപാതികമായി 195 മൂന്നാം ഗ്രേഡ് ഓവർസീയർമാരുടെയും പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്ന് തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗം ചീഫ് എഞ്ചിനീയർ പരാമർശം പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗം ചീഫ് എഞ്ചിനീയർ ചൂണ്ടിക്കാണിച്ചിട്ടുള്ള വസ്തുതകൾക്ക് പുറമേ 2018-ലെ പ്രളയാനന്തര നാശനഷ്ടങ്ങൾ കണക്കാക്കുന്നതിനും സർക്കാരിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ആവശ്യത്തിന് ഉദ്യോഗസ്ഥർ ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള സാങ്കേതിക വിഭാഗം ജീവനക്കാരെ മാത്രം ഉൾകൊള്ളിച്ച് കൊണ്ട് ഇത്രയും വിപുലമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നത് അപ്രായോഗികമാണ്. ഈ സാഹചര്യത്തിൽ, ഒരു അസിസ്റ്റന്റ് എഞ്ചിനീയർ ഓരോ ഗ്രാമ പഞ്ചായത്തിനും ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. അതിനായി തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസി. എഞ്ചിനീയറുടെ 195 പുതിയ തസ്തികകൾ അടിയന്തരമായി സൃഷ്ടിക്കേണ്ടതുണ്ട്.

(മറുപുറം)

3. മേൽ സാഹചര്യത്തിൽ, ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ പൂർണ്ണ സേവനം എല്ലാ ഗ്രാമപഞ്ചായത്തിലും ലഭ്യമാക്കുന്നതിനും സംസ്ഥാനത്തെ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനുമായി തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ 195 അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകൾ പുതുതായി സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ടി. കെ. ജോസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

1. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3 ബന്ധപ്പെട്ട എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന)
4 ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
5 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ.
6 പൊതുഭരണ(എസ്.സി) വകുപ്പ്( (ഇനം നമ്പർ തീയതി 30.01.2019)
7 ധനകാര്യ വകുപ്പ് ( 29.12.2018 ലെ ഡെവ.1/106/2017/ധന പ്രകാരം)
8 വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9 എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
10 കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ